# KERALA ELECTRICITY EMPLOYEES' CONFEDERATION
## INTUC

KEEC

(Reg. No. 01-14/87 - Aff. 10485)
V.P MARAKKAR SMARAKA MANDIRAM
AMBUJAVILASOM ROAD, THIRUVANANTHAPURAM - 695 001
E-mail : keecintuchq@gmail.com, Web: www.intuckeec.com

| PATRON | PRESIDENT | WORKING PRESIDENT | GENERAL SECRETARY |
|---|---|---|---|
| K. MURALEEDHARAN M.P | K.P DHANAPALAN Ex.M.P | Adv. SIBYKUTTY FRANCIS | V.SUDHEER KUMAR |
| | 9447083300 | 9447303578 | 7012655030 |


No. KEEC/GL/2024/15

തിരുവനന്തപുരം
09.04.2024

സ്വീകർത്താവ്

ബഹു. ചെയർമാൻ & മാനേജിംഗ് ഡയറക്ടർ
കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്
വൈദ്യുതിഭവനം, പട്ടം
തിരുവനന്തപുരം

സർ,

വിഷയം : - KSEBL ജീവനക്കാർക്ക് അർഹതപ്പെട്ട പ്രമോഷൻ പോസ്റ്റിലേക്ക് ത്രികക്ഷി കരാറിന് വിരുദ്ധമായി ഗഅട ൽ നിന്നും നേരിട്ട് നിയമനം നൽകുന്നതിലുള്ള വിയോജിപ്പ് അറിയിക്കുന്നതും നിയമ വിരുദ്ധത ചൂടിക്കാണിക്കുന്നതും സംബന്ധിച്ച്.

സൂചന : -

KSEBL ഉം ഗവണ്മെന്റും സംഘടനകളുമായി 2014 ൽ ഒപ്പുവച്ച ത്രികക്ഷി കരാർ പ്രകാരം നിലവിലുള്ള എല്ലാ പ്രമോഷനുകളും ആനുകൂല്യങ്ങളും സംരക്ഷിക്കപ്പെട്ടിരിക്കാമെന്നിരിക്കെ AAO തസ്തികയിലേക്ക് KAS ൽ നിന്നും നേരിട്ട് നിയമനം നടത്തുന്നത് നിയമവിരുദ്ധമാണ്. ഇത് അംഗീകരിക്കാൻ സാധിക്കില്ല. KSEBL ലെ മിനിസ്റ്റീരിയൽ ജീവനക്കാരുടെ നാമമാത്രമായ പ്രമോഷനുകളിലൊന്നാണ് സീനിയർ സൂപ്രണ്ട് ൽ നിന്നും അസിസ്റ്റന്റ് അക്കൗണ്ടസ് ഓഫീസർ പ്രമോഷൻ. വർക്കർ സംഘടനയായ ഞങ്ങൾ KAS ൽ നിന്നും നേരിട്ടുള്ള നിയമനത്തെ എതിർക്കുവാനുള്ള ഏതാനും ചില കാരണങ്ങൾ ചൂണ്ടിക്കാണിക്കുന്നു.

1. ഞങ്ങൾ കൂടി ഒപ്പിട്ട ത്രികക്ഷി കരാറിന് വിരുദ്ധമായി കാര്യങ്ങൾ ചെയ്യാൻ അനുവദിക്കാനാകില്ല.
2. കേന്ദ്ര നിയമമായ ഇലക്ട്രിസിറ്റി ആക്ട് 2003 പ്രകാരമുള്ള ത്രികക്ഷി കരാറിന്റെ violation കേന്ദ്ര നിയമത്തിന് എതിരാണ്. അത് നിയമപരമായി നിലനിൽക്കില്ല.
3. അസിസ്റ്റന്റ് അക്കൗണ്ട്സ് ഓഫീസർ, അക്കൗണ്ട്സ് ഓഫീസർ, സീനിയർ അക്കൗണ്ട് ഓഫീസർ തുടങ്ങിയ പോസ്റ്റുകൾ പ്രമോഷൻ തസ്തികകൾ ആണ്. അല്ലാതെ Financial Advisor, CIA, കമ്പനി സെക്രട്ടറി പോലുള്ള direct നിയമനങ്ങൾ അല്ല.

4. മിനിസ്റ്റീരിയൽ തസ്തികകൾ മുഴുവൻ വെട്ടിനിരത്തിയ ബോർഡ് ഭാവിയിലെ ഈ ജോലികൾ ജോബ് കോൺട്രാക്ടിൽ ചെയ്യിക്കാനുള്ള നീക്കം തൊഴിൽ തേടുന്ന യുവാക്കളോടുള്ള അവഗണനയാണ്. ഈ സ്ഥാപനം ആരുടേയും കുടുംബ സ്വത്തല്ലല്ലോ. എല്ലാവർക്കും അവകാശപ്പെട്ടതാണല്ലോ.
5. KSEBL കമ്പനീസ് ആക്ട് പ്രകാരം ഒരു കമ്പനി ആണല്ലോ. ഈ കമ്പനിക്ക് ഒരു കമ്പനി സെക്രട്ടറി ഉള്ളപ്പോൾ മറ്റൊരു 'സാധാ' സെക്രട്ടറി അധിക ബാധ്യതയായിട്ടും അത് നിലനിർത്തുന്ന KSEBL അതിനുവേണ്ടി ചിലവാക്കുന്ന പണം ഒരു ബാധ്യതയാണ്. ഇങ്ങനെയുള്ള ചെലവുകൾക്ക് പുറമെ വീണ്ടും ചിലവുകൾ വരുത്തുന്നത് സ്ഥാപനത്തെ തകർക്കും.
6. Rs.4.29 വൈദ്യുതി വേണ്ടായന്നുവച്ച് അദാനിയിൽ Rs.8.69 തൊട്ട് Rs.12 വരെ വാങ്ങി കോടികൾ ബാധ്യത വരുത്തിയ ഉന്നത ശ്രേഷ്ഠന്മാർ KAS നിയമനത്തിന് ഇതിന് പിന്നിലുമുണ്ട്. അവർ പ്രവർത്തിക്കുന്നത് ഈ സ്ഥാപനം തകർക്കാനാണ്. ഒരു ട്രേഡ് യൂണിയൻ എന്ന നിലയ്ക്ക് ഇതിനെ അംഗീകരിക്കാനാവില്ല.
7. KAS വന്നതോടെ സെക്രട്ടറിയേറ്റിൽ ഉള്ള പലരുടെയും പ്രമോഷൻ സാധ്യതകൾക്ക് മങ്ങലേറ്റപ്പോൾ മറ്റു സ്ഥാപനങ്ങളിലേക്ക് കടന്നു കയറുന്നത് അംഗീകരിക്കാനാകില്ല.
8. ഇവിടുത്തെ ഉദ്യോഗസ്ഥർക്ക് കുറഞ്ഞപക്ഷം വിവിധ 'ഇലക്ട്രിക് പോസ്റ്റുകളുടെ' നീളം എങ്കിലും അറിഞ്ഞിരിക്കേണ്ട (Ohm law അറിഞ്ഞില്ലെങ്കിലും) ആഡിറ്റ് ഉൾപ്പടെയുള്ള ജോലികളിൽ ഏർപ്പെടുന്നവർക്ക് അതത് സ്ഥാപനത്തെക്കുറിച്ച് വ്യക്തമായ ധാരണ ഉണ്ടായിരിക്കണം.
9. നിലവിലുള്ള ജീവനക്കാരുടെ കാര്യത്തിൽ യാതൊരുയ കാരണവശാലും ഇത് നിയമപരമായി നിലനിൽക്കില്ല. ഭാവിയിൽ വരുന്ന പുതിയ PSC നിയമങ്ങളിൽ നടപ്പിലാക്കിയാലും അപ്പോൾ KSEBL ലെ ജീവനക്കാർക്ക് KAS പരീക്ഷ എഴുതാൻ അവസരം നൽകേണ്ടിവരും.

ആയതിനാൽ മേൽ പറഞ്ഞ വസ്തുതകളുടെ അടിസ്ഥാനത്തിൽ വർക്കുമെൻ പ്രമോഷൻ തസ്തികയായ അസിസ്റ്റന്റ് അക്കൗണ്ട്സ് ഓഫീസർ തസ്തികയിലേക്ക് നേരിട്ട് KAS ലിസ്റ്റിൽ നിന്നും നിയമിക്കാനുള്ള തീരുമാനം വല്ലതുമെണ്ടെങ്കിൽ അത് പിൻവലിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

| | | |
|---|---|---|
| കെ.പി.ധനപാലൻ Ex.MP<br>പ്രസിഡന്റ് | അഡ്വ.സിബിക്കുട്ടി ഫ്രാൻസിസ്<br>വർക്കിംഗ് പ്രസിഡന്റ് | വി.സുധീർ കുമാർ<br>ജനറൽ സെക്രട്ടറി |

KERALA ELECTRICITY EMPLOYEES' CONFEDERATION Reg: No. 01-14/87 AFFI. No. 10485 ★ INTUC ★